# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor :** **SINDHU. K S** **Editor :** **Dr. G.Pramodkumar**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/03/2026

1. കാർഷിക രംഗത്ത് കാലാവസ്ഥാനുസൃതമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ കാർഷിക മേഖലാ നവീകരണത്തിനായും ലോക ബാങ്കിന്റെ സഹായത്തോടെ കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 2650 കോടി രൂപയുടെ ബൃഹത്തായ പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ പ്രോഗ്രാം അഥവാ കേര (KERA) പദ്ധതി. കാർഷിക മൂല്യശൃംഖല ആധുനികവൽക്കരിച്ചും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ കർഷകരെ പ്രാപ്തരാക്കിയും കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വേകാൻ ലക്ഷ്യമിടുന്നതാണ് കേര പദ്ധതി. കേരള കാർഷിക വികസന ഡയറക്ടറേറ്റ്, കേരള വ്യവസായ വാണിജ്യ വകുപ്പ്, പ്ലാൻ്റേഷൻ ഡയറക്ടേറ്റ്, കേരള കാർഷിക സർവകലാശാല, കേരള ജലവിഭവ വകുപ്പ്, കിൻഫ്ര, കേരള സ്റ്റാർട്ടപ്പ് മിഷൻ, എന്നിവയുടെ പങ്കാളിത്തത്തോടെയും ഇന്റർ നാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സി.ഡബ്ള്യൂ.ആർ.ഡി.എം. തുടങ്ങിയ സ്ഥാപനങ്ങളുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സാങ്കേതിക സഹകരണത്തോടെയും നടപ്പിലാക്കുന്ന പദ്ധതിയിൽ അഞ്ചു വർഷക്കാലാവധി കൊണ്ട് നാലു ലക്ഷത്തോളം കർഷകർ നേരിട്ടും പത്തു ലക്ഷത്തോളം കർഷകർ പരോക്ഷമായും ഗുണഭോക്താക്കളാവും. കേര പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2026 മാർച്ച് 2 ന് തിങ്കളാഴ്ച വൈകിട്ട് 3 മണിക്ക് ചേർത്തല വി.ടി.എ.എം. ഓഡിറ്റോറിയത്തിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നതാണ്. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ മത്സ്യബന്ധന സാംസ്കാരിക യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ മുഖ്യാതിഥി ആയിരിക്കും. കാർഷിക, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ ചടങ്ങിൽ പങ്കെടുക്കും. പ്രസ്തുത പരിപാടിയിൽ എം.പി.മാർ, എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് 06.03.2026- ന് ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ മാർച്ച് 2 -ആം തിയ്യതിക്കകം 9446370726 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിലെ പശുക്കളുടെ കറവയ്ക്ക് ആവശ്യമായ ഡബിൾ ബക്കറ്റ് മിൽക്കിംഗ് മെഷീനും, അനുബന്ധ സാധനങ്ങളുടെയും വില സംബന്ധിച്ചുള്ള മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ടിൻ്റെ പേരിൽ അയക്കുന്ന ക്വട്ടേഷൻ കവറിന് പുറത്ത് മിൽക്കിംഗ് മെഷീൻ വില സംബന്ധിച്ചുള്ള ക്വട്ടേഷൻ എന്ന് രേപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 11/03/2026-ന് പകൽ 11 വരെയാണ്. നിശ്ചിത പരിധിക്കുള്ളിൽ ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസിയുടെ പേരിൽ ക്വട്ടേഷൻ താല്ക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അടിയന്തര സാഹചര്യത്തിൽ ഏതൊരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് ഫാം സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കും. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് ഫാം ആഫീസ് ഫോൺ നമ്പർ 0471-2732962 ൽ ബന്ധപ്പെടാവുന്നതാണ്.

**4. കാർഷിക നിർദേശം**

പുഞ്ചകൃഷിയുള്ള നെൽപാടങ്ങളിൽ തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഒരേക്കറിന് 2എണ്ണം എന്ന കണക്കിന് 20 കഷണങ്ങളാക്കി മുറിച്ച് 5 സെന്റിന് ഒന്ന് വീതം പാടത്ത് കെട്ടി വയ്ക്കുക. രണ്ടാഴ്ചയിലൊരിക്കൽ പുതിയ കാർഡുകൾ വെച്ച് നാലഞ്ച് പ്രാവശ്യം ആവർത്തിക്കുക. ഏതാണ്ട് രണ്ടുമാസം പ്രായമായ ഇടത്തരം മൂപ്പുള്ള നെല്ലിനങ്ങൾക്ക് ഏക്കറിന് 25 കിലോഗ്രാം യൂറിയയും 15 കിലോഗ്രാം പൊട്ടാഷും നൽകാവുന്നതാണ്.

ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം വരാതിരിക്കാനായി സ്യൂഡോമോണസ് ഫ്ളൂറസൻസ് എന്ന ബാക്ടീരിയപ്പൊടി ഒരു

കിലോഗ്രാം, 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ മണലുമായി ചേർത്ത് വിതറാവുന്നതാണ്. 20 ഗ്രാം പൊടി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം